(ബി) 2001-02-ലും 2002-03-ലും നികുതിയുൾപ്പെടെ മറ്റ് കേന്ദ്രസഹായങ്ങളുടെ വിശദവിവരം താഴെപ്പറയും പ്രകാരമാണ്:

	2001-02	2002-03
കേന്ദ്ര നികുതി വിഹിതം	1614.26	1715.22
ഗ്രാന്റ് ഇൻ എയ്ഡ്	975.33	938.37
കേന്ദ്ര ലോണുകളും അഡ്വാൻസുകളും	780.69	1192.86
ദേശീയ ചെറുകിട നിക്ഷേപ ഫണ്ട് സ്പെഷ്യൽ സെക്യൂരിറ്റീസ്	462.56	832.31
ആകെ	3832.84	4678.76

നടപ്പു സാമ്പത്തിക വർഷത്തെ വരവിനങ്ങളെ കുറിച്ചുള്ള അന്തിമ കണക്കുകൾ തയ്യാറായിട്ടില്ല.

അധിക നികുതി സമാഹരണം

36 [319] ശ്രീ. രാജു എബ്രഹാം :

,, വി. കെ. സി. മമ്മത്കോയ :

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2003-04-ലെ നികുതി പിരിവിലെ വളർച്ചാനിരക്ക് എത്രയാണ് എന്നും, ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണെന്നും വ്യക്തമാക്കുമോ;

(സി) നികുതി പിരിവിലെ വളർച്ചാ നിരക്ക് കുറയാനുണ്ടായ കാരണങ്ങളെ കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) നികുതിനിരക്കുകൾ വർദ്ധിപ്പിക്കാതെയും അധിക നികുതി അടിച്ചേല്പിക്കാതെയും പ്രതിവർഷം എത്ര കോടി രൂപ വില്പന നികുതി ഇനത്തിൽ അധിക സമാഹരണം നടത്താൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നികുതി പിരിവ് കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നു. ജില്ലാതലത്തിലും നികുതി പിരിവ് അവലോകനം ചെയ്യുന്നു. ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയും, കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ എന്ന ഒരു പുതിയ വിഭാഗം രൂപീകരിച്ച് സംസ്ഥാനത്ത് ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിൽ ഓരോ ജില്ലയിലും ഓരോ ഓഫീസറുടെ നേതൃത്വത്തിൽ സ്കാഡ് പ്രവർത്തനം നടത്തിയും റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയും വില്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശികയായി കിടക്കുന്ന അണ്ടർ വാല്യൂവേഷൻ കേസുകൾ തീർപ്പാക്കുന്ന കോമ്പൗണ്ടിംഗ് പദ്ധതി ഏർപ്പെടുത്തുകയും ആധാരങ്ങളിൽ വില കുറച്ചു കാണിക്കുന്നതുമൂലമുള്ള വരുമാന ചോർച്ച തടയുന്നതിനായി ഭൂമിക്ക് ന്യായവില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച തടയുന്നതിനായി നിരന്തരമായ റെയ്ഡുകളും ലൈസൻസ് നല്കിയ വിദേശമദ്യ കള്ള് വില്പനശാലകളിൽ നിരന്തര പരിശോധനകളും നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിലുള്ള ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കേരളത്തിലേക്കുള്ള അനധികൃത സ്പിരിറ്റിന്റെ വരവ് തടസ്സപ്പെടുത്തി നികുതി ചോർച്ച പരമാവധി തടയുന്നുണ്ട്.

(ബി) 2003-04-ലെ ഡിസംബർ 31 വരെ വാണിജ്യ നികുതി വകുപ്പിലൂടെയുള്ള നികുതി പിരിവ് കഴിഞ്ഞ വർഷം ഇതേ കാലയളവിലെ പിരിവിനേക്കാൾ 370.14 കോടി രൂപ അധികമാണ്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 11% കൂടുതലാണ്. രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് 14% കൂടുതലാണ്. എന്നാൽ എക്സൈസ് വകുപ്പിൽ 5.52% കുറവുണ്ട്.

(സി) മൊത്തത്തിൽ നികുതി പിരിവിലെ വളർച്ചാനിരക്കിൽ കുറവ് ഉണ്ടായിട്ടില്ല.

(ഡി) നികുതി നിരക്കുകൾ വർദ്ധിപ്പിക്കാതെയും അധിക നികുതി അടിച്ചേല്പിക്കാതെയും കാര്യക്ഷമമായ പ്രവർത്തനംമൂലം വില്പന നികുതി ഇനത്തിൽ അധിക സമാഹരണം നടത്താൻ ശ്രമിച്ചുവരുന്നു. ഈ ഇനത്തിൽ എത്ര കോടി രൂപ അധിക സമാഹരണം നടത്താൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല.